K23U 2750

Reg. No.: ................................

Name : ...................................

# V Semester B.A. Degree (C.B.C.S.S. – Supplementary) Examination, November 2023
## (2017 and 2018 Admissions)
## CORE COURSE IN MALAYALAM
## 5B09 MAL : പൗരസ്ത്യ സാഹിത്യസിദ്ധാന്തങ്ങൾ

തമസോമാ ജ്യോതിർഗമയ
SIR SYED COLLEGE
CENTRAL LIBRARY

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(2×7=14)**

1) ധ്വനി എന്നാലെന്ത് ? ആനന്ദവർദ്ധനൻ അവതരിപ്പിക്കുന്ന ധ്വനിപ്രഭേദങ്ങൾ ചർച്ച ചെയ്യുക.

2) കവിതയും വൃത്തവും തമ്മിലുള്ള ബന്ധം വിശദീകരിച്ച് ഭാഷാവൃത്തങ്ങൾക്ക് സംസ്കൃത വൃത്തങ്ങളിൽ നിന്നുള്ള വ്യത്യാസങ്ങൾ എഴുതുക.

3) സാഹിത്യ വിശകലനപരമായ ഒരു സൗന്ദര്യശാസ്ത്ര പദ്ധതി എന്ന നിലയിൽ തിണ സങ്കല്പത്തിന്റെ സാധ്യതകൾ പരിശോധിക്കുക.

4) കല സഹൃദയനെ സ്വാധീനിക്കുന്നത് എങ്ങനെ എന്ന അടിസ്ഥാന പ്രശ്നമാണ് രസസിദ്ധാന്തത്തിന്റെ കാതൽ – ചർച്ച ചെയ്യുക.

II. **150** വാക്കിൽ കവിയാതെ ആറ് ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക. **(4×3=12)**

5) ഔചിത്യ സിദ്ധാന്തത്തെ സാമാന്യമായി പരിചയപ്പെടുത്തുക.

6) പൗരസ്ത്യ കാവ്യമീമാംസകരുടെ കാവ്യ നിർവചനങ്ങൾ ചർച്ച ചെയ്യുക.

7) ഭട്ടനായകന്റെ ഭുക്തിവാദത്തെ വിമർശനാത്മകമായി വിലയിരുത്തുക.

8) ഉപമാലങ്കാരത്തെയും ഉപമാഭേദങ്ങളെയും പരിചയപ്പെടുത്തുക.

9) കുന്തകൻ അവതരിപ്പിക്കുന്ന ആറ് തരം വക്രതകളെ വിവരിക്കുക.

10) മഞ്ജരി, തരംഗിണി, നതോന്നത-വൃത്തങ്ങളുടെ ലക്ഷണവും ഉദാഹരണവും എഴുതുക.

P.T.O.

III. **100** വാക്കിൽ കവിയാതെ ആറ് ചോദ്യങ്ങളിൽ **നാലെണ്ണ**ത്തിന് ഉത്തരമെഴുതുക.

**(4×2=8)**

11) രസസൂത്രത്തെ ശ്രീശങ്കുകൻ വ്യാഖ്യാനിച്ചത് എങ്ങനെ ?

12) കുറിപ്പെഴുതുക : കാവ്യ ഹേതുക്കൾ.

13) പ്രബന്ധവക്രത പ്രകരണ വക്രത ഇവ തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുക.

14) 'പാടി നീട്ടി ഗുരുവാക്കാം ഇച്ഛ പോലെ ലഘുക്കളെ'. വിവക്ഷിതമെന്ത് ?

15) ''അലങ്കാരങ്ങളെ തീർപ്പാൻ നാലുതാനിഹ സാധനം'' ഏതെല്ലാം ? വിശദീകരിക്കുക.

16) നെയ്തൽ തിണയുടെ സവിശേഷതകൾ പരിചയപ്പെടുത്തുക.

IV. **ഒറ്റ**വാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(6×1=6)**

17) ലോചനം ഏത് ഗ്രന്ഥത്തിന്റെ വ്യാഖ്യാനമാണ് ? കർത്താവാര് ?

18) വിശിഷ്ട പദരചനാരീതി – എന്ന് നിർവചിച്ചതാര് ?

19) രസസൂത്രത്തിലെ അനുഭാവം എന്ത് ?

20) അഭിധ എന്നാൽ എന്ത് ?

21) ലക്ഷണമെഴുതുക – അർത്ഥാപത്തി.

22) വഞ്ചിപ്പാട്ട് വൃത്തം ഏത് ?

23) കുറിഞ്ചി തിണയുടെ ദേവതയാര് ?

24) ദ്രാവിഡ വൃത്തങ്ങളുടെ ദശാപരിണാമം എന്ന പുസ്തകം എഴുതിയതാര് ?

SIR SYED COLLEGE
CENTRAL LIBRARY